(സി) ശ്രീ. കട്ടൻനാടാർ ജില്ലാ കളക്ടറുടെ പൊതുജനപരാതി പരിഹാര സെൽ മുഖാന്തരം (EC No. 255/15 തീയതി 24-1-2015) സമർപ്പിച്ചിരുന്ന അപേക്ഷയോടൊപ്പം ബഹുമാനപ്പെട്ട മുനിസിഫ് കോടതിയിൽ നിന്നും ഉള്ള ഒ.എസ്. 828/14 (തീയതി 13-11-2014) നമ്പരായുള്ള ഇഞ്ചംഗ്ഷൻ ഉത്തരവിന്റെ പകർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി അപേക്ഷയിൽ സ്റ്റോപ് മെമ്മോ നൽകുന്നതിന് വില്ലേജാഫീസർക്കുള്ള നിർദ്ദേശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ പരാതിക്കാസ്പദമായ സ്ഥലം നെടുമങ്ങാട് തഹസീൽദാർ മുഖാന്തരം പരിശോധിക്കുകയും പരാതിക്കാരന്റെ വസ്തുവിന്റെ അതിർത്തിയിൽ നിന്നും 10 മീറ്റർ മാറി മാത്രമേ ഖനന പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ എന്ന് എതിർകക്ഷിയ്ക്ക് ഉത്തരവു നൽകുകയും ചെയ്തിട്ടുണ്ട്. നിരോധന ലംഘനത്തിന്റെ പേരിൽ വാഹനങ്ങളോ മെഷിനറികളോ കസ്റ്റഡിയിൽ എടുത്തിട്ടില്ല.

സംസ്ഥാനത്ത് നടക്കുന്ന മതപരിവർത്തനം

202 (207) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മതപരിവർത്തനം നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ ലഭിച്ചു, എവിടെനിന്നുമാണ് പരാതി ലഭിച്ചത്, എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഘർവാപസി കേരള ഘടകം സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായും പുനർമതപരിവർത്തനത്തിന് ഹെൽപ്പ് ലൈൻ പ്രവർത്തിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കരീലക്കുളങ്ങര, കണിച്ചനെല്ലൂർ, ലക്ഷ്മീ നാരായണ കുടുംബ ക്ഷേത്രം, കായംകുളം ദേവീകുളങ്ങര പഞ്ചായത്തിലെ പിഴവൂർ കുടുംബം വക യക്ഷിയമ്പലം, കോട്ടയം ജില്ലയിലെ രാമപുരം അരീക്കര എസ്.എൻ.ഡി.പി. ശ്രീ നാവായ സുബ്രഹ്മണ്യ ക്ഷേത്രം, പൊൻകുന്നം പുതിയകാവ് ദേവി ക്ഷേത്രം, തിരുനക്കര ശ്രീകൃഷ്ണ ക്ഷേത്രം, കറവിലങ്ങാട് ഉഴവൂർ കാര്യനെല്ലി ദേവീ ക്ഷേത്രം, ചിങ്ങവനം ചോഴിയക്കാട് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി പാർളിക്കാട് നടരാജഗിരി ക്ഷേത്രം എന്നീ സ്ഥലങ്ങളിൽ മത പുനർപരിവർത്തനം നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ആയതിനാൽ കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ഘർവാപസി ഘടകം കേരളത്തിൽ പ്രവർത്തിക്കുന്നതായോ പുനർ മതപരിവർത്തനത്തിനു ഹെൽപ്പ് ലൈൻ പ്രവർത്തിപ്പിക്കുന്നതായോ ശ്രദ്ധയിൽ പെട്ടിട്ടില്ല.

നാദാപുരത്ത് വാഹനങ്ങൾ തീയിട്ട കേസുകൾ

203 (208) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ നിരന്തരമായി വാഹനങ്ങൾ തീയിട്ട് നശിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇത്തരം രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണത്തിന് തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; പ്രസ്തുത കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-2-2015 തീയതി നടന്ന അക്രമസംഭവവുമായി ബന്ധപ്പെട്ട് വാഹനങ്ങൾ തീയിട്ടത് സംബന്ധിച്ച് 17 കേസും, തുടർന്ന് ഒറ്റപ്പെട്ട സംഭവങ്ങളുമായി ബന്ധപ്പെട്ട് 2-3-2015 തീയതിവരെ 7 കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകൾ ഒന്നുംതന്നെ തീർപ്പ് കൽപ്പിച്ചിട്ടില്ല. 37 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

പിൻവലിച്ച ക്രിമിനൽ കേസ്സുകൾ

204 (209) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ നിരാക്ഷേപപത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകളുടെ എണ്ണം എത്ര; അവ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാരിന്റെ പരിഗണനയിലുള്ള കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly